ബി1–34679/12

പഞ്ചായത്ത് ഡറക്ടറേറ്റ്, തിരുവനന്തപുരം
തീയതി:29.04.2016

# സർക്കുലർ

വിഷയം:– ജനന–മരണ രജിസ്ട്രേഷൻ– നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മറ്റു രജിസ്ട്രേഷൻ യൂണിറ്റുകളിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ഓൺലൈനായി പരിശോധിക്കുന്നതു സംബന്ധിച്ച നിർദ്ദേശം നൽകുന്നു

സൂചന:–
1. പഞ്ചായത്ത് ഡയറക്ടറുടെ 7.2.2015 ലെ ബി1–7258/2015 നമ്പർ സർക്കുലർ.
2. ഐ.കെ.എം.ഗ്രൂപ്പ് ഡയറക്ടറുടെ 05.04.2016 ലെ 852/ജിഡി/2016/ഐ.കെ.എം. നമ്പർ കത്ത്

ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനന തീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) സർക്കുലറിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ച്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത സംഭവം മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകാമെന്ന് സംശയം തോന്നുന്ന കേസുകളിൽ ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖാമൂലം മറുപടി നൽകേണ്ടതാണെന്നും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്ന് വിവരം ആവശ്യമാണെങ്കിൽ വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. 1970 നു മുമ്പുള്ള രജിസ്ട്രേഷനുകളുടെ ഡിജിറ്റൈസേഷൻ ചില യൂണിറ്റുകളിൽ പൂർത്തിയാക്കാത്തതിനാൽ രജിസ്ട്രാർമാർക്ക് വെബ്സൈറ്റിൽ തിരച്ചിൽ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നില്ല. എന്നാൽ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും എല്ലാ രജിസ്ട്രേഷനുകളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഡാറ്റയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതു വരെ നിലവിലുള്ള സ്ഥിതി തുടരുന്നത് രജിസ്ട്രാർമാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതിനും 1970 നു ശേഷമുള്ള രജിസ്ട്രേഷനുകളെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയ ശേഷവും രജിസ്റ്റർ ചെയ്ത സംഭവങ്ങൾ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിനുള്ള സാദ്ധ്യത നിലനിർത്തുന്നതിനും ഇടയാക്കുന്നതാണ്. ആയതിനാൽ സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റിൽ ലഭ്യമായ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും രജിസ്ട്രേഷനുകളിൽ തിരച്ചിൽ നടത്തുന്നതിനുള്ള സൗകര്യം 2016 മേയ് മാസം മുതൽ എല്ലാ രജിസ്ട്രാർമാർക്കും ലഭ്യമാക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം തിരച്ചിൽ നടത്തുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. രജിസ്ട്രാർമാർക്ക് www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ സുലേഖ ലോഗിൻ ഐഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും ജനനമോ മരണമോ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ നൽകി തിരച്ചിൽ നടത്താവുന്നതുമാണ്. ഇപ്രകാരം തിരച്ചിൽ നടത്തുമ്പോൾ ജനനതീയതി അഥവാ മരണതീയതി ഉൾപ്പെടുന്ന വർഷത്തെയും അതിനു മുമ്പും ശേഷവുമുള്ള 3 വർഷങ്ങളിലെയും ഉൾപ്പടെ 7 വർഷങ്ങളിലെ രജിസ്ട്രേഷനുകളിൽ തിരച്ചിൽ നടത്തുന്നതിനായി നൽകിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്ന എല്ലാ രജിസ്ട്രേഷനുകളുടെയും വിവരം ലഭിക്കുന്നതാണ്.
2. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്ന രജിസ്ട്രേഷൻ ഏതെങ്കിലും യൂണിറ്റുകളിൽ നിലവിലുള്ളതായി

കണ്ടെത്തുന്നപക്ഷം അപേക്ഷ നിരസിക്കേണ്ടതും വ്യാജമായി രജിസ്ട്രേഷൻ നടത്താൻ ശ്രമിച്ച വ്യക്തിക്കെതിരെ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 23 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. നിലവിലുള്ള രജിസ്ട്രേഷനിലെ രേഖപ്പെടുത്തലുകളിലെയും അപേക്ഷയിലെ വിവരങ്ങളിലെയും അക്ഷരങ്ങൾ (spelling) വ്യത്യസ്തമാകാം എന്നതിനാൽ (ഉദാ: Sruthi, Sruthy, Shruthi, Shruthy, Sruti, Sruty, Shruty, Shruti മുതലായവ) സാദ്ധ്യമായ എല്ലാ രീതിയിലും തിരച്ചിൽ നടത്തേണ്ടതാണ്.
4. ഇംഗ്ലീഷിലും മലയാളത്തിലും തിരച്ചിൽ നടത്തുന്നതിന് സൗകര്യമുള്ളതിനാലും ചില രജിസ്ട്രേഷനുകൾ ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമായതിനാലും രണ്ട് ഭാഷയിലും തിരച്ചിൽ നടത്തേണ്ടതാണ്.
5. എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും എല്ലാ രജിസ്ട്രേഷനുകളും വെബ്സൈറ്റിൽ ലഭ്യമല്ലാത്തതിനാലും ഡിജിറ്റൈസേഷൻ പൂർത്തിയായ യൂണിറ്റുകളിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത എൻട്രികൾ (bad records) അവശേഷിക്കുന്നതിനാലും മേൽപ്പറഞ്ഞ പ്രകാരം തിരച്ചിൽ നടത്തുമ്പോൾ പൊരുത്തപ്പെടുന്ന രജിസ്ട്രേഷൻ ലഭ്യമായില്ല എന്ന കാരണത്താൽ മാത്രം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടില്ല. അത്തരം സംഗതികളിൽ സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ (നിലവിലുള്ള നടപടികൾ) സ്വീകരിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.
6. എല്ലാ രജിസ്ട്രാർമാരും bad records പരിശോധിച്ച് തിരുത്തൽ വരുത്തി 2016 മേയ് 31 നു മുമ്പായി വെബ്സൈറ്റിലേക്ക് പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമോ തടസ്സങ്ങളോ ഉണ്ടെങ്കിൽ ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സഹായം തേടേണ്ടതാണ്.
7. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിലെ നടപടി സംബന്ധിച്ചും താമസിച്ചുള്ള രജിസ്ട്രേഷൻ സംബന്ധിച്ചും പെർഫോമൻസ് ഓഡിറ്റ് ടീമുകൾ പരിശോധന നടത്തേണ്ടതും ഓൺലൈൻ തിരച്ചിൽ നടത്താതെയോ രജിസ്ട്രേഷൻ നിലവിലുണ്ടെന്ന് കണ്ടെത്താവുന്നതാണെങ്കിലും അപ്രകാരം ചെയ്യാതെയോ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുവെന്ന് എല്ലാ ജില്ലാ രജിസ്ട്രാർമാരും ഉറപ്പാക്കേണ്ടതാണ്.

എസ്.ലത
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ &
ജനന-മരണ ചീഫ് രജിസ്ട്രാർ

എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
പകർപ്പ്:അഡീഷണൽ ചീഫ് രജിസ്ട്രാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
നഗരകാര്യ വകുപ്പ് ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (")
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ